പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4683** **27. 06. 2014**- ലെ മറുപടി

<u>നിതാഖത് പാക്കേജ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u><br><u>ശ്രീ. പി.സി. വിഷ്ണുനാഥ്</u><br><u>ശ്രീ. റ്റി. എൻ പ്രതാപൻ</u><br><u>ശ്രീ. കെ. മുരളീധരൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നിതാഖത്ത് പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) സൌദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കുന്ന പ്രഖ്യാപനം അവിടെ ജോലി ചെയ്യുന്ന ധാരാളം മലയാളികളെ പ്രതികൂലമായി ബാധിക്കുമെന്നും തൊഴിൽ നഷ്ടപ്പെട്ട് ധാരാളം പ്രവാസികൾ നാട്ടിലേക്ക് മടങ്ങാൻ ഇടയുണ്ടെന്നും റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. കേരളത്തിലെ സാമൂഹിക സാമ്പത്തിക മേഖലകളിൽ പ്രവാസി സമൂഹത്തിന്റെ പങ്ക് വളരെ വലുതാണ്. ആയതിനാൽത്തന്നെ കൂട്ടത്തോടെയുള്ള പ്രവാസികളുടെ മടങ്ങിവരവ് സംസ്ഥാനത്ത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന കാര്യം കണക്കിലെടുത്ത് ഇവരുടെ സമഗ്ര പുനരധിവാസത്തിന് വിശദമായ പഠനം നടത്തി മുൻകൂട്ടിത്തന്നെ ഒരു പുനരധിവാസ പാക്കേജിന് സർക്കാർ രൂപം നൽകുകയുണ്ടായി. |
| (ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പാക്കേജിന്റെ പരിധിയിൽ നടത്തിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പ്രസ്തുത പാക്കേജിന്റെ പ്രധാന ഘടകങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br>1. തിരികെയെത്തിയ പ്രവാസികളിൽ തിരികെ വിദേശത്ത് തന്നെ തൊഴിൽ നേടണമെന്ന് |

ആഗ്രഹിക്കുന്നവർക്ക് വിദേശരാജ്യങ്ങളിൽ വ്യവസായങ്ങൾ നടത്തുന്ന മലയാളി സംരംഭകരുടെ സഹായത്തോടെ തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുക.

2. ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം ലക്ഷ്യം വച്ച് സംസ്ഥാനത്ത് ലഭ്യമായ തൊഴിൽ സാധ്യതകളെ കണ്ടെത്തുന്നതിനും തൊഴിൽ നൽകുന്നതിനുമായി വ്യാപാര വ്യവസായ മേഖലയിൽ പ്രവർത്തിച്ച് വരുന്ന സംഘടനകൾ, കേരള മാനേജ്മെന്റ് അസോസ്സിയേഷൻ, FICCI, ചേംബർ ഓഫ് കോമേഴ്സ് തുടങ്ങിയ സംഘടനകളുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുക.

3. സംസ്ഥാനത്ത് നിലവിലുള്ള സ്വയം സംരംഭക സഹായ പദ്ധതി (ESS) പ്രവാസികളെ ഉൾപ്പെടുത്തി വിപുലീകരിക്കുക.

4. അഞ്ച് പ്രവാസികൾ ചേർന്ന് ആരംഭിക്കുന്ന സംരംഭങ്ങളെ Kerala Entrepreneur Development Mission ലെ വായ്പ സഹായത്തിൽ ഉൾപ്പെടുത്തുക.

5. നിതാഖത്ത് മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവർക്ക് നോർക്കയുടെ ജോബ് പോർട്ടലിൽ പ്രത്യേകം രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തുക. അപ്രകാരം രജിസ്റ്റർ ചെയ്യുന്നവരുടെ ഒരു പ്രത്യേക ഡാറ്റാബേസ് തയ്യാറാക്കുക.

6. ഇപ്രകാരം തിരിച്ചെത്തിയവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും അവരുടെ

വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തുന്നതിനും നോർക്ക റൂട്ട്സിന്റെയും വ്യവസായ പരിശീലന കേന്ദ്രങ്ങളുടെയും കീഴിൽ പ്രത്യേക തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനത്തിന് പദ്ധതി തയ്യാറാക്കുക.

7. സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലിശ, മൂലധന സബ്സിഡിയോടുകൂടിയ വായ്പ ലഭ്യമാക്കുക.

8. തിരികെയെത്തിയ പ്രവാസികൾ മാത്രം അംഗങ്ങളായി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേക പദ്ധതി സഹകരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുക.

ഈ പാക്കേജിന്റെ നടത്തിപ്പിനായി 2014 – 15 ബഡ്ജറ്റിൽ 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) പാക്കേജ് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ഇപ്പോൾ പ്രഖ്യാപിച്ച പാക്കേജ് നടപ്പാക്കാൻ ആരംഭിച്ചിട്ടേയുള്ളൂ. |
| (ഡി) ഇതിനായി സംസ്ഥാനത്ത് നിലവിലുള്ള സ്വയംസംരംഭക മേഖലയിലെ അവസരങ്ങൾ പ്രയോജനപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) സംസ്ഥാനത്ത് നിലവിൽ വിവിധ വകുപ്പുകളിൽ ഉള്ള പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നവിധത്തിലാണ് നോർക്കയുടെ പുനരധിവാസ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ